നമ്പർ. ജി. (1) 17836/08

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 10-04-2008

## സർക്കുലർ നമ്പർ 21/08

വിഷയം : സഹകരണ വകുപ്പ് - എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിക്ക് ധനസമാഹരണം നടത്തുന്നതിനായി നടത്തുന്ന വിഷു ബംബർ ലോട്ടറി - ഏജൻസിയെടുക്കുവാൻ സഹകരണ സ്ഥാപനങ്ങളെ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ 08-04-08 ലെ കുറിപ്പ്

എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിക്ക് ധനസമാഹരണം നടത്തുന്നതിനായി നടത്തുന്ന വിഷു ബംബർ ലോട്ടറി വിജയിപ്പിക്കുന്നതിന് സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയൊരു പങ്ക് വഹിക്കാനാകുമെന്നും, അതിനാൽ 50 രൂപ അടച്ച് താൽക്കാലിക ഏജൻസി എടുക്കുകയാണെങ്കിൽ സഹകരണ സംഘങ്ങൾക്ക് ടിക്കറ്റ് വിലയുടെ 80% അടച്ചുകൊണ്ട് ടിക്കറ്റ് വാങ്ങാൻ സംവിധാനമുണ്ടെന്നും അതിലൂടെ വലിയൊരു മാനവിക സംരംഭത്തെ സഹായിക്കാനാകുമെന്നും, അതോടൊപ്പം ചെറിയ ഒരു തുക വരുമാനമായി സംഘങ്ങൾക്ക് ലഭിക്കുമെന്നും, ടിക്കറ്റ് വില 50 രൂപയാണെന്നും 17-05-08 ന് നറുക്കെടുപ്പ് നടക്കുന്നുവെന്നും സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭവന നിർമ്മാണ വകുപ്പിന്റെ ഈ സംരംഭത്തിൽ പങ്കാളിയാകുന്നതിന് 50/- രൂപ അടച്ച് താൽക്കാലിക ഏജൻസിയെടുത്ത് 17-05-08 ന് നറുക്കെടുപ്പ് നടക്കുന്ന വിഷു ബംബർ ലോട്ടറി ടിക്കറ്റ് വാങ്ങി വില്പന നടത്തുവാൻ സഹകരണ സംഘങ്ങളെ അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
2) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്
3) പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ
4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും
5) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7) ഈ ഓഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
8) എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ തിരുവനന്തപുരം
9) എഡിറ്റർ, സഹകരണ വീഥി
10) സ്റ്റോക്ക് ഫയൽ
11) സ്പെയർ

ആജ്ഞാനുസരണം
(ഒപ്പ്)
സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി